# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2528 19.03.2015-ൽ മറുപടിയ്ക്ക്**

# ചെക്ക് ഡാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ : ആർ.രാജേഷ്: | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻ കടവിനു സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിനു തുക അനുവദിച്ചിട്ടുണ്ടോ; | (എ) G.O(Rt).416/WRD dated 25/04/2014 പ്രകാരം മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻ കടവിനു സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിനായി 85.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക വകമാറ്റി മണ്ഡപത്തിൻ കടവിനു സമീപം കോട്ടത്തോടിന്റെ പതനമുഖം സംരക്ഷിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ചെക്ക്ഡാം നിർമ്മിച്ചാൽ ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് പള്ളിയോടം കൊണ്ടു പോകുന്നതിനു തടസ്സമുണ്ടാകുമെന്ന തദ്ദേശവാസികളുടേയും ഭക്തരുടേയും പരാതിയെ തുടർന്ന് 21.07.2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.ആർ.രാജേഷിന്റെ നേതൃത്വത്തിൽ ഒരു സർവ്വ കക്ഷിയോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചെക്ക് ഡാം നിർമ്മിക്കേണ്ട പ്രവർത്തി ഉപേക്ഷിക്കുവാനും പകരം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റിയുടെ ഇൻടേക്കിൽ എക്കലും മണ്ണും മറ്റും പ്രവേശിക്കാതിരിക്കാൻ കോട്ടത്തോടിന്റെ പതനമുഖം ബെഡ് ബാർ ഉപയോഗിച്ച് തടയുന്നതിനും അച്ചൻ കോവിലാറിന്റെ പ്രസ്തുത ഭാഗം സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിനുമായി 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോട്ടത്തോടിന്റെ പതനമുഖം സംരക്ഷിക്കുന്നതിനായി അനുവദിച്ച തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**